# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 94

29/09/2011 ൽ മറുപടിക്ക്

## അദ്ധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ.കെ. രാധാകൃഷ്ണൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇത് സംബന്ധിച്ച് അന്തിമ തീരുമാനം എന്താണ്; | (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മേഖലയിലെ നിയമനത്തിന് ശാസ്ത്രീയ രീതി നടപ്പിലാക്കുന്നതിനും അധികാദ്ധ്യാപകരെ വിന്യസിക്കുന്നതിനും ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ സെക്രട്ടറി എന്നിവരടങ്ങിയ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് (പാക്കേജ്) 10-08-2011-ൽ കൂടിയ ബഹു. മന്ത്രിസഭായോഗം തത്വത്തിൽ അംഗീകരിച്ചു. ഇക്കാര്യം എയ്ഡഡ് സ്കൂൾ മാനേജ്മെന്റ്പ്രതിനിധികളുമായും അദ്ധ്യാപക സംഘടനകളുമായും ചർച്ച ചെയ്ത്നടപ്പിലാക്കുന്നതിനു വേണ്ടി ബഹു. വിദ്യാഭ്യാസ മന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുക യും ചെയ്തു. മന്ത്രിസഭാ ഉപസമിതി മാനേജ്മെന്റ് പ്രതിനിധി കളുമായും, അദ്ധ്യാപക സംഘടന കളുമായും ചർച്ചനടത്തുകയും ചെയ്തിട്ടുണ്ട്. 28-9-2011-ൽ കൂടിയ മന്ത്രിസഭായോഗം പാക്കേജിന് അംഗീകാരം ൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) അദ്ധ്യാപക സംഘടനകളും എയിഡഡ് സ്കൂൾ മാനേജുമെന്റുകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ എന്തെല്ലാം സംഗതികളിൽ ധാരണയായിട്ടുണ്ട്; വിശദമാക്കുമോ; | (ബി) അദ്ധ്യാപക സംഘടനകളും എയിഡഡ് സ്കൂൾ മാനേജുമെന്റ് പ്രതിനിധികളുമായി പാക്കേജ് സംബന്ധിച്ച് സർക്കാർ 2 തവണ ചർച്ച ചെയ്യുകയുണ്ടായി. ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇരു വിഭാഗത്തിനുണ്ടായിരുന്ന സംശയങ്ങൾ ദുരീകരിക്കപ്പെട്ടു. തുടർന്ന് പാക്കേജ് ഇരുവിഭാഗവും പൊതുവെ അംഗീകരിച്ചു. |
| (സി) മന്ത്രിസഭാ ഉപസമിതി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാം ആയിരുന്നു; വിശദമാക്കുമോ; | (സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) മാനേജ്മെന്റുകൾ അംഗീകരിക്കാത്ത, സർക്കാർ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (ഡി) അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുമ്പോൾ അധികമായി ലഭിക്കുന്ന തസ്തിക ഒന്നു മാത്രമാകുന്ന പക്ഷം അതു മാനേജർമാർക്കു നിയമിക്കാൻ അനുമതി വേണമെന്ന കാര്യത്തിൽ മാനേജ്മെന്റുകളുമായി ധാരണയായിട്ടില്ല |
| (ഇ) മാനേജ്മെന്റുകളുടെ ഏതെല്ലാം ആവശ്യങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി? | (ഇ) മാനേജർമാരുടെ അഭിപ്രായം കൂടി പരിഗണിച്ചശേഷമാണ് പാക്കേജിന് അന്തിമരൂപം നൽകിയത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പാക്കേജിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

1) ശമ്പളമില്ലാതെ ജോലി നോക്കുന്ന അദ്ധ്യാപകരെ നടപ്പ് അദ്ധ്യയനവർഷം മുതൽ അംഗീകാരം നൽകുന്നതാണ്.

(2) 2010–11 അദ്ധ്യയനവർഷത്തെ തസ്തികനിർണ്ണയം തുടർന്നും നിലനിർത്തുന്നതാണ്.

(3) 31/03/2011–ന് ശേഷം നിയമനം അനുവദിക്കുന്നതല്ല.

(4) ഈ അക്കാദമിക് വർഷത്തിൽ നിയമിതരായവരെ ദിവസവേതനാടിസ്ഥാനത്തിൽ മാത്രം പരിഗണിക്കുന്നതാണ്.

(5) വിദ്യാഭ്യാസ അവകാശനിയമപ്രകാരം പ്രൈമറി തലത്തിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആയും സെക്കണ്ടറി തലത്തിൽ 1:35 ആയും നിജപ്പെടുത്തും.

(6) നിയമനവുമായി ബന്ധപ്പെട്ട അപ്പീലുകൾ സ്കൂൾ തല മീറ്റിംഗുകൾ നടത്തി പരിഹരിക്കുന്നതായിരിക്കും.

(7) സ്കൂളിൽ ഉണ്ടാകുന്ന ഒഴിവുകൾ 2920 അദ്ധ്യാപകരിൽ നിന്നും നിയമിക്കേണ്ടതാണ്. സീനിയോറിറ്റി പ്രകാരമുള്ള അവകാശികളേയും പ്രൊട്ടക്ടഡ് ടീച്ചറേയും ഇതിന് പരിഗണിക്കുന്നതാണ്.

(8) ഹ്രസ്വകാല നിയമനത്തിനും നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

(9) എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകരെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ആഫീസർമാരാക്കി.

(10) ഇനി മുതൽ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നോട്ടിഫൈ ചെയ്യുന്നതാണ്.

(11) ഇത് പി.എസ്.സി മാതൃകയിൽ ആയിരിക്കും.

(12) നിയമനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട സ്കൂളുകളിൽ അപേക്ഷ നൽകാവുന്നതാണ്.

(13) നോട്ടിഫൈ ചെയ്ത ഒഴിവിലേയ്ക്ക് മാത്രമേ നിയമനം നടത്താൻ കഴിയുകയുള്ളൂ.

(14) 2011–12 മുതൽ ഏകദിനപരിശോധന അവസാനിപ്പിച്ച് യു.ഐ.ഡി. സിസ്റ്റം നടപ്പിലാക്കുന്നതാണ്.

(15) ടീച്ചേഴ്സ് ബാങ്ക് രൂപീകരിക്കുന്നതാണ്.

(ശമ്പളം ലഭിക്കാത്ത 2920 അദ്ധ്യാപകർ, 3083 സംരക്ഷിതാദ്ധ്യാപകർ, കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ പേരിൽ പുറത്താക്കപ്പെട്ടവരും,

ഈ വർഷം പുറത്താക്കാൻ സാധ്യതയുള്ളതുമായ 4500 അദ്ധ്യാപകർ ഉൾകൊള്ളുന്ന 10503 പേർ ആണ് ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുന്നത്).

(16) ടിച്ചേഴ്സ് ബാങ്കിലെ 10503 താഴെപ്പറയുന്ന വിധത്തിൽ പുനർവിന്യസിക്കുന്നതാണ്.

| | | |
|---|---|---|
| വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ഹെഡ് ടീച്ചർമാർ | - | 2677 |
| ബി.ആർ.സി ട്രെയിനർമാർ | - | 641 |
| വിദ്യാർത്ഥി -അധ്യാപക അനുപാതം പ്രകാരം ക്രമീകരിക്കുന്നത്- | | 3136 |
| എസ്.എസ്.എ.യിലെ സ്പെഷ്യലിസ്റ്റ് പൂൾ | - | 2752 |
| ഫാക്കൽട്ടി മെച്ചപ്പെടുത്തുന്നതിന് (റൊട്ടേഷൻ ക്രമത്തിൽ) | - | 1297 |

(17) അദ്ധ്യാപകനിയമനത്തിന് റ്റി.ഇ.റ്റി. നിർബന്ധമാക്കാൻ പി.എസ്.സി. യെ സമീപിക്കുന്നതാണ്.

(18) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം PEDESK/RMSA മുഖേന നടക്കുന്നതാണ്.

(19) ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

(20) ഇത് സംബന്ധിച്ച് കെ.ഇ.ആർ-ലെ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതാണ്.

(21) ഇതിന് വേണ്ടി ഒരു ഐ.ടി. അധിഷ്ഠിതമെക്കാനിസം രൂപീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

സർക്കാരിന്റെ 24.03.2011 ലെ ജി.ഒ.(എം.എസ്).90/11/ പൊ.വി.വകുപ്പ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മേഖലയിൽ അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നത് സംബന്ധിച്ചും നിലവിലുള്ള അധികാധ്യാപകരെ വിന്യസിക്കുന്നത് സംബന്ധിച്ചും പരിശോധിക്കാൻ ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ 02.07.2011 ൽ കൂടിയ യോഗം ഈ വിഷയത്തിൽ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു. അത് അനുസരിച്ച് അധികാധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ചും, അവരുടെ പുനർവിന്യാസം സംബന്ധിച്ചും എയ്ഡഡ് സ്കൂൾ മേഖലയിൽ അധ്യാപക നിയമനത്തിന് ഒരു ശാസ്ത്രീയ രീതി നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സമഗ്രമായ ഒരു റിപ്പോർട്ട് കമ്മിറ്റിക്ക് സമർപ്പിച്ചു. കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

റിപ്പോർട്ട് 10-08-2011-ൽ കൂടിയ ബഹു. മന്ത്രിസഭായോഗം തത്വത്തിൽ അംഗീകരിച്ചു. ഇക്കാര്യം എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുമായും അദ്ധ്യാപകസംഘടനകളുമായും ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. വിദ്യാഭ്യാസ മന്ത്രി കൺവീനറായും ബഹു. കൃഷി - മൃഗസംരക്ഷണം - പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ് മന്ത്രി, ബഹു. റവന്യൂ- വിജിലൻസ് വകുപ്പ് മന്ത്രി, ബഹു. ജലവിഭവ വകുപ്പ് മന്ത്രി, ബഹു. എക്സൈസ്- തുറമുഖ വകുപ്പ് മന്ത്രി, ബഹു. ഭക്ഷ്യ- പൊതുവിതരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായും ഒരു മന്ത്രിസഭാ ഉപസമിതിയെ രൂപീകരിക്കുകയും ചെയ്തു.

മന്ത്രിസഭാ ഉപസമിതി മാനേജ്മെന്റ് പ്രതിനിധികളുമായും, അദ്ധ്യാപകസംഘടനകളുമായും 12/08/2011, 14/09/2011 എന്നീ തീയതികളിൽ രണ്ട് തവണ ചർച്ച ചെയ്തു. ഇത് സംബന്ധിച്ചുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.